ഭരണഭാഷ മാതൃഭാഷ

കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(ഹാജർ :മനു എസ്)

കോളേജ് വിദ്യാഭ്യാസവകുപ്പ്-ജീവനക്കാര്യം- സർക്കാർ കോളേജുകൾ -ലാബ് / ലൈബ്രറി / ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ഉത്തരവ് പുറപ്പെടുവിക്കുന്നു.

DCETVM/8342/2026-C4 തിയതി :**12-11-2026**

പരാമർശം : 1. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ **29.05.2026** ലെ **DCETVM/10842/2025-C4** നമ്പർ ആയി പ്രസിദ്ധീകരിച്ച മുൻഗണന പട്ടിക

2. ലാബ്/ലൈബ്രറി /ക്ലറിക്കൽ അസിസ്റ്റന്റ് മാരുടെ സ്ഥലംമാറ്റ അപേക്ഷകൾ

ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ **2026** വർഷത്തെ ലാബ്/ലൈബ്രറി/ക്ലറിക്കൽ അസ്സിസ്റ്റന്റ്മാരുടെ പൊതു സ്ഥലംമാറ്റത്തിന് ശേഷം ടി തസ്തികയിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ **2** ഒഴിവുകൾ നിലവിലുണ്ട് .

സ്ഥാപനത്തിന്റെ പേര്	ഒഴിവുകളുടെ എണ്ണം	ഒഴിവുകളുടെ വിശദാംശം
ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് , മങ്കട	**1**	ശ്രീമതി ലത കൂവപ്രവൻ , ലൈബ്രറി അസിസ്റ്റന്റ് -നു സ്ഥലം മാറ്റം നൽകിയ ഒഴിവ്
സർക്കാർ വനിതാ കോളേജ് , തിരുവനന്തപുരം	**1**	ശ്രീമതി സുജമോൾ എൻ കെ , ലാബ് അസിസ്റ്റന്റ് നു സ്ഥലംമാറ്റം നൽകിയ ഒഴിവ്

മേൽ സൂചിപ്പിച്ച ഒഴിവുകളിലേയ്ക്കും ലാബ്/ലൈബ്രറി/ ക്ലറിക്കൽ അസിസ്റ്റന്റ്മാരുടെ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിച്ചും പേരിനു നേരെ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലമാറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

ക്രമ നമ്പർ	പേര് ,തസ്തിക ,നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം	സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം
1	ശ്രീ രതീഷ് ആർ ലൈബ്രറി അസിസ്റ്റന്റ്, യൂണിവേഴ്സിറ്റി കോളേജ് , തിരുവനന്തപുരം **(അപേക്ഷ)**	സർക്കാർ വനിതാ കോളേജ് , തിരുവനന്തപുരം ((ശ്രീമതി സുജമോൾ എൻ കെ , ലാബ് അസിസ്റ്റന്റ് നു സ്ഥലംമാറ്റം നൽകിയ ഒഴിവ്)

2	ശ്രീ ബൈജു എൽ ലാബ് അസിസ്റ്റന്റ്, ഗവണ്മെന്റ് വിക്ടോറിയ കോളേജ് ,പാലക്കാട് (അപേക്ഷ)	യൂണിവേഴ്സിറ്റി കോളേജ് , തിരുവനന്തപുരം (ശ്രീ രതീഷ് ആർ ,ലൈബ്രറി അസിസ്റ്റന്റ് -നു സ്ഥലംമാറ്റം നൽകുന്ന ഒഴിവ്)
3	ശ്രീ സുൽഫിക്കർ അലി ടി ഐ ലാബ് അസിസ്റ്റന്റ് ഗവണ്മെന്റ് കോളേജ് , ചിറ്റൂർ (അപേക്ഷ)	ഗവണ്മെന്റ് വിക്ടോറിയ കോളേജ് ,പാലക്കാട് (ശ്രീ ബൈജു എൽ , ലാബ് അസിസ്റ്റന്റ് -നു സ്ഥലംമാറ്റം നൽകുന്ന ഒഴിവ്)

മേൽ സൂചിപ്പിച്ച സ്ഥലം മാറ്റത്തിന് ശേഷം അവശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് ചുവടെ പേര് ചേർത്തിട്ടുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച മുൻഗണന പട്ടികയിലെ ക്രമമനുസരിച്ച് ലാബ്/ലൈബ്രറി/ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് **24400-55200**/-രൂപ ശമ്പള സ്കെയിലിൽ സ്ഥാനകയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

ക്രമ നമ്പർ	പേര് ,തസ്തിക	മുൻഗണന ക്രമം	സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം
1	ശ്രീമതി വനജ ഒളേരിയൻ സ്വീപ്പർ ഗവണ്മെന്റ് കോളേജ് ,മലപ്പുറം	53 (ക്രമ നമ്പർ 52 വരെ പ്രൊമോഷൻ നൽകിയിട്ടുണ്ട്)	ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്, മങ്കട (ശ്രീമതി ലത കൂവപ്രവൻ ,ലൈബ്രറി അസിസ്റ്റന്റ് -നു സ്ഥലം മാറ്റം നൽകിയ ഒഴിവ്)
2	ശ്രീ അനു ആനന്ദ് എം എസ് ഓഫീസ് അറ്റന്ഡന്റ് നിലവിൽ കേരള ബിവറേജസ് കോർപ്പറേഷനിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നു.	54	ഗവണ്മെന്റ് കോളേജ് ,ചിറ്റൂർ (ശ്രീ സുൽഫിക്കർ അലി ടി ഐ, ലാബ് അസിസ്റ്റന്റ് നു സ്ഥലംമാറ്റം നൽകുന്ന ഒഴിവ്)

ഈ ഉത്തരവ് പ്രകാരം സ്ഥലം മാറ്റം /സ്ഥാനകയറ്റം ലഭിച്ച ജീവനക്കാരെ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും **14** ദിവസത്തിനകം വിടുതൽ ചെയ്യിക്കേണ്ടതും,

നിയമനം ലഭിച്ച സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതുമാണ്. ടി ജീവനക്കാർ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിക്കുന്നതുമായ വിവരങ്ങൾ സ്ഥാപന മേധാവികൾ യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ **www.collegiateedu.kerala.gov.in** ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

Digitally signed by Manu S
Date: 12-11-2026 16:34:12

Manu S
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ് :

ബന്ധപ്പെട്ട ജീവനക്കാർ /സ്ഥാപന മേധാവികൾ